(സി) പ്രസ്തുത തടസ്സങ്ങൾ നീക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 267.16 കോടിയുടെ കൊല്ലം ബൈപ്പാസ്, 225.75 കോടിയുടെ ആലപ്പുഴ ബൈപ്പാസ്,145.5 കോടിയുടെ കോഴിക്കോട് ബൈപ്പാസ് എന്നീ പ്രവൃത്തികൾക്ക് ദേശീയപാത വിഭാഗത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിലും പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെകീഴിൽ ഭരണാനുമതി നൽകിയിട്ടും പണി പൂർത്തീകരിക്കാൻ സാധിക്കാത്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) ദേശീയപാത വിഭാഗത്തിൻകീഴിൽ പണി പൂർത്തിയാക്കുന്നതിന് തടസ്സങ്ങളൊന്നുമില്ല. എന്നാൽ നിരത്തുകളും പാലങ്ങളും വിഭാഗത്തിൻകീഴിൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള കാലതാമസവും കോടതി കേസുകളും പ്രവൃത്തി പൂർത്തീകരിക്കാൻ തടസ്സമായിട്ടുള്ള കാരണങ്ങളാണ്. റവന്യൂ അധികാരികളുമായും സ്ഥല ഉടമകളുമായി കൂടിയാലോചിച്ച് തടസ്സങ്ങൾ നീക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

തിരുവല്ല ബൈപ്പാസിന്റെ നിർമ്മാണം

307 (7278) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവല്ല ബൈപ്പാസ് നിർമ്മാണം തടഞ്ഞുകൊണ്ടുള്ള ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവ് എന്നാണ് ഉണ്ടായത് ;

(ബി) കെ.എസ്.റ്റി.പി. കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്തത് എന്നാണ് ;

(സി) കൗണ്ടർ അഫിഡവിറ്റ് സമർപ്പിക്കുവാൻ ഉണ്ടായ കാലതാമസത്തിന്റെ കാരണം എന്തെന്ന് വിശദമാക്കാമോ ;

(ഡി) കോടതി ഉത്തരവ് മാറ്റിക്കിട്ടുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) 24-2-2014-ൽ ആണ് ചെന്നൈ ഗ്രീൻ ട്രൈബ്യൂണലിന്റെ ഉത്തരവ് ഉണ്ടായത്.

(ബി) 18-10-2013, 28-1-2014, 7-7-2014 എന്നീ തീയതികളിൽ കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്തിട്ടുണ്ട്.

(സി&ഡി) 13-1-1978-ലെ ആരോഗ്യ വകുപ്പിന്റെ ഉത്തരവ് നമ്പർ 13/78/H.D/പാലിച്ചിട്ടില്ലെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ ട്രൈബ്യൂണൽ പുറപ്പെടുവിച്ച സ്റ്റാറ്റസ്കോ ഉത്തരവ് റദ്ദാക്കി കിട്ടുന്നതിന് പരിസ്ഥിതി വകുപ്പിനെയും നിയമവകുപ്പിനെയും സമീപിച്ചതിന്റെ ഫലമായി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

21-5-2014-ലെ പരിസ്ഥിതി വകുപ്പിന്റെ സ.ഉ.(പി) നമ്പർ 6/14/പരിസ്ഥിതി ഉത്തരവുപ്രകാരം 1978-ലെ ഉത്തരവ് റദ്ദുചെയ്യുകയുണ്ടായി. ഇക്കാര്യം അഡീഷണൽ കൗണ്ടർ അഫിഡവിറ്റ് ആയി തയ്യാറാക്കി ജൂൺ 30-ന് സ്പെഷ്യൽ ഗവണ്മെന്റ് പ്ലീഡർ അയച്ചുകൊടുത്തിട്ടുണ്ട്. ജൂൺ മാസം 1 മുതൽ 30 വരെ ട്രൈബ്യൂണലിന് അവധിയായിരുന്നു. 6-8-2014-ന് അവധിക്കുവച്ചിരുന്ന ഈ കേസ് നേരത്തെതന്നെ പരിഗണിക്കുന്നതിന് പ്രത്യേകമായി ഒരു അഭ്യർത്ഥന ട്രൈബ്യൂണലിൽ ഫയൽ ചെയ്തിട്ടുണ്ട്. ഈ കേസിലെ ഒന്നാം കക്ഷിയായ ഡയറക്ടർ, മിനിസ്ട്രി ഓഫ് എൻവയോൺമെന്റ് ആന്റ് ഫോറസ്റ്റ്, കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്തിട്ടില്ല എന്ന് അറിഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് 7-6-2014-ലെയും 27-6-2014-ലെയും കത്തുകൾ മുഖേന അഭ്യർത്ഥിച്ചിട്ടുണ്ട്.

കുടുവീട്ടിക്കടവ് പാലം

308 (7278) ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഒറ്റശേഖരമംഗലം, കാട്ടാക്കട, പൂവച്ചൽ എന്നീ മലയോര ഗ്രാമ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെയ്യാറിൽ കുടുവീട്ടിക്കടവ് എന്ന സ്ഥലത്ത് പാലം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഒറ്റശേഖരമംഗലം, കാട്ടാക്കട, പൂവച്ചൽ എന്നീ മലയോരഗ്രാമ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെയ്യാറിൽ കുടുവീട്ടിക്കടവ് എന്ന സ്ഥലത്ത് പാലം നിർമ്മിക്കുന്നതിന് ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പടന്ന-തോട്ടുകര പാലം

309 (7280) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ മണ്ഡലത്തിലെ പടന്ന-തോട്ടുകര പാലം പണിയാൻ 4.60 കോടി രൂപ കഴിഞ്ഞ സർക്കാർ മലബാർ പാക്കേജിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടും നാളിതുവരെ പാലം നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

തൃക്കരിപ്പൂർ മണ്ഡലത്തിലെ പടന്ന-തോട്ടുകര പാലത്തിന് ജി.ഒ.(ആർ‌റ്റി.) നമ്പർ 1044/09/പൊ.മ.വ. തീയതി 14-7-2009 പ്രകാരം 460 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പാലം നിർമ്മാണത്തിനാവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly